# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2875** **15/12/2015-ൽ മറുപടിക്ക്**

## ഡി.പി. ഐ. യിലെ ഫയൽ സംബന്ധമായ വിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഡി.പി.ഐ.യിൽ ഫയൽ സംബന്ധമായ അന്വേഷണത്തിനെത്തുന്ന നിയമസഭാ സാമാജികരുടെ അസിസ്റ്റന്റുമാർക്കുപോലും കൃത്യമായ വിവരങ്ങൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ അവ പരിശോധിക്കുവാനും അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) ബാധകമല്ല. |
| (സി) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിൽ ജോലി ചെയ്യുന്ന സി. കെ. രാജൻ ഉൾപ്പെടെ ആറ് അധ്യാപകരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട G.O(ആർ.റ്റി.) നം. 3066/15 നമ്പർ ഉത്തരവ് എന്നാണ് ഡി.പി.ഐ യിൽ ലഭിച്ചത്; തപാലിൽ ചേർത്ത് ഫയലാക്കി സെക്ഷൻ ക്ലാർക്ക് സമർപ്പിച്ചത് എന്നാണ്; | (സി) G.O(ആർ.റ്റി.) നം. 3066/15 നമ്പർ സർക്കാർ ഉത്തരവ് ഡി.പി.ഐ.യിൽ ലഭിച്ചത് 29.07.2015-നാണ്. പ്രസ്തുത തപാൽ സീനിയോറിറ്റി സെക്ഷനിൽ ലഭിക്കുന്നത് 01.08.2015-നും, അന്നേ ദിവസം തന്നെ സെക്ഷൻ ക്ലർക്ക് പ്രസ്തുത തപാൽ ഫയലാക്കി പരിശോധിച്ച് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. യൂണിറ്റ് ഓഫീസർ 31.07.2015-ന് വിരമിച്ചു. പുതിയ ഓഫീസർ 23.09.2015-ന് ജോയിൻ ചെയ്യുകയും ചെയ്തു. 25.09.2015-ന് തന്നെ യൂണിറ്റ് ഓഫീസർ ഫയൽ പരിശോധനയ്ക്ക് |

| | |
|---|---|
| പ്രസ്തുത ഫയൽ കൈകാര്യം ചെയ്ത ഓരോ ഉദ്യോഗസ്ഥനും എത്രദിവസം കൈവശംവെച്ചു; വിശദമാക്കുമോ? | ഹയർ ഓഫീസർക്ക് സമർപ്പിച്ചു. ടി ഓഫീസറുടെ ഉത്തരവനുസരിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകി. ഈ റിപ്പോർട്ടിന്റെ മറുപടി (Lr.No.T3/3421 20.11.2015) നേരിട്ട് ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ അന്നേ ദിവസം തന്നെ സെക്ഷൻ സമർപ്പിക്കുകയും, ആയത് പരിശോധിച്ച് സൂപ്രണ്ട് യൂണിറ്റ് ഓഫീസർക്ക് സമർപ്പിച്ചു. യൂണിറ്റ് ഓഫീസർ 23.11.2015 ന് ഉത്തരവ് നൽകി. |

സെക്ഷൻ ഓഫീസർ